(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
തീയതി: 14.03.2017

നം.കെ.എസ്.എ-ഐ.ഡി.കെ /13/286/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് /(സെക്രട്ടറി മുഖേന)
ഇടുക്കി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം: ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് : – 1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) അസി. ഡെവലപ്മെന്റ് കമ്മീഷണർ, പൈനാവ്, ഇടുക്കി

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-13/286/2017 തീയതി: 14.03.2017

# ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കി. ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് 17-11-2015 മുതൽ 05-03-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നാല് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചില്ല. പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. എസ് മുരളീദാസ്,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 06.03.2017 മുതൽ 10.03.2017വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.വി.ജി.സജിമോൻ | അസി.ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീ എം.കെ.അഭിലാഷ് (09&10.03.2017) | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ആർ. സാമുവൽ രാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ജോമോൻ ഫ്രാൻസിസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.എ.പി. ഉസ്മാൻ | 01.04.2015 മുതൽ 31.10.2015 വരെ |
| | | അഡ്മിനിസ്ട്രേറ്റീവ് ഭരണം | 01.011.2015 മുതൽ 18.11.2015 വരെ |
| | | ശ്രീ. അഗസ്റ്റി അഴകത്ത് | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | : | ശ്രീ. കെ.അനിൽകുമാർ (ജോയിന്റ് ബി.ഡി.ഒ അധിക ചുമതല) | 01.04.2015 മുതൽ 17.05.2015 വരെ |
| | | ശ്രീ. പി.കെ വിശ്വൻ | 18.05.2015മുതൽ 08.02.2016 വരെ |
| | | ശ്രീമതി. എസ്. സുമതിക്കുട്ടി (ജോയിന്റ് ബി.ഡി.ഒ അധിക ചുമതല) | 09.02.2016 മുതൽ 19.02.2016 വരെ |
| | | ശ്രീ. പി.എ. മുഹമ്മദ് സലിം | 20.02.2016 മുതൽ 31.03.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി.എക്സി.എഞ്ചിനീയർ | : | ശ്രീ.ആർ. സോമരാജൻ | 01.04.2015 മുതൽ 31.03.2016 വരെ |

| | | | |
|---|---|---|---|
| കൃഷി അസി.ഡയറക്ടർ | : | ശ്രീമതി. ആൻസി തോമസ് | 01.04.2015 മുതൽ 31.03.2016 വരെ |
| സി.ഡി.പി.ഒ | : | ശ്രീമതി. എസ്. ശ്രീകല | 01.04.2015 മുതൽ 31.03.2016 വരെ |
| എസ്. സി. ഡി. ഒ | : | ശ്രീമതി. എസ്. സോഫിമോൾ | 01.04.2015 മുതൽ 31.03.2016 വരെ |
| റ്റി.ഇ.ഒ | : | ശ്രീ. എസ്. അരുൺകുമാർ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | : | ഡോ. കെ.ആർ. സുരേഷ് | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആരോഗ്യം) സി.എച്ച്.സി, വാത്തിക്കുടി | : | ഡോ. സുരേഷ് വർഗ്ഗീസ് | 01.04.2015 മുതൽ 31.10.2015 വരെ |
| | | ഡോ. രഞ്ജിനി ജോൺസൺ | 01.11.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം | ഖണ്ഡിക നം | ഖണ്ഡിക |
|---|---|---|
| ഭാഗം-I പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | വാർഷിക പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |

| | | |
|---|---|---|
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കുകൾ സംബന്ധിച്ച അപാകതകൾ |
| ഭാഗം-II വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | 2-1 | സമയബന്ധിതമായി അലോട്ട്മെന്റ് കത്ത് ട്രഷറിയിൽ സമർപ്പിച്ചില്ല-പൊതുആവശ്യഗ്രാന്റ് ₹10 ലക്ഷം നഷ്ടപ്പെട്ടു. |
| 14 | 2-2 | ഓഡിറ്റ് റിക്കവറി തുകകളും തിരികെയടച്ച തുകകളും യഥാവിധി ക്രമീകരിച്ചില്ല |
| 15 | 2-3 | ടെണ്ടർ ഫാറത്തിന്റെ വില ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല – വരുമാനത്തിൽ നഷ്ടം |
| 16 | 2-4 | അക്കൗണ്ടിംഗ് സമ്പ്രദായത്തിലെ അപാകതകൾ |
| ഭാഗം-III ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 17 | 3-1 | ടെണ്ടർ വ്യതിയാനം കുറവ് ചെയ്തിട്ടില്ല .നഷ്ടം ₹30,000/- |
| 18 | 3-2 | സർക്കാർ ഉത്തരവിന് വിരുദ്ധമായി വ്യക്തിഗത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി |
| 19 | 3-3 | കേരളോത്സവം-പദ്ധതി നടത്തിപ്പിൽ അധിക ച്ചെലവ് |
| 20 | 3-4 | റോഡ് നിർമ്മാണം- മെറ്റലിങ്ങിലവസാനിപ്പിക്കുന്നു |
| 21 | 3-5 | വിവിധ ആവശ്യങ്ങൾക്ക് വിട്ടുകിട്ടിയ സ്ഥലങ്ങൾ പഞ്ചായത്തിന്റെ അധീനതയിലായിട്ടില്ല |
| 22 | 3-6 | സഹൃദം സായന്തനം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല |
| ഭാഗം-IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |

| | | |
|---|---|---|
| 23 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 24 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 25 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 26 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 27 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 28 | 4-6 | ഓഡിറ്റ് റിക്കവറി |
| 29 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 30 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 31 | 4-9 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| ഭാഗം-V അനുബന്ധങ്ങൾ | | |
| 32 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രങ്ങൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 26.2.2015-ലെ I-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2016 | 29.07.2016 | – | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ്

## നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| ഈ ഓഡിറ്റിനൊപ്പം പരിശോധിച്ചു. | | |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹22983191 |
| വരവ് | ₹122251503 |
| ആകെ | ₹145234694 |
| ചെലവ് | ₹118729633 |
| നീക്കിയിരിപ്പ് | ₹26505061 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി ₹ | തൻവർഷ വരവ്₹ | ആകെ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് | പൊതുവിഭാഗം | 1218217 | 40107914 | 41326131 | 35366917 | 85.58 |
| | എസ്.സി.പി | 215973 | 6015814 | 6231787 | 6229187 | 99.95 |
| | ടി.എസ്.പി. | 288236 | 10344706 | 10632942 | 10341819 | 97.26 |
| സംരക്ഷണഗ്രാന്റ് റോഡിതരം | | 427989 | 5410000 | 5837989 | 4168566 | 71.40 |
| ബി ഫണ്ട് | | | 0 | 0 | 0 | |

## 1-6 വാർഷിക പദ്ധതി അവലോകനം

എ) പദ്ധതി രൂപീകരണം

ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വാർഷികപദ്ധതി രൂപീകരണഘട്ടങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

പ്ലാൻ കോർഡിനേറ്റർ : ശ്രീ.പി.ആർ.വിദ്യാസാഗർ
എക്സ്റ്റെൻഷൻ ഓഫീസർ (പ്ലാനിംഗ് & മോണിറ്ററിംഗ്)

| രൂപീകരണഘട്ടം | തീയതികൾ |
|---|---|
| കർമസമിതികളുടെ യോഗങ്ങൾ | 09.12.14 |
| ബ്ലോക്ക് തല പദ്ധതി രൂപീകരണ ഗ്രാമസഭ | 30.12.14 |
| വികസനസെമിനാർ | 13.1.15 |
| ഭരണാനുമതി/സാമ്പത്തിക അനുമതി | തീരുമാന നം. 8/തീ.16.1.15 |
| ജില്ലാ ആസൂത്രണസമിതി അംഗീകാരം (അന്തിമം) | ഡിപിസി/543/2015/IDK /14.7.2016 |

വിവിധ വിഭാഗങ്ങളിലായി ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്റ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ആവിഷ്കരിച്ച പ്രോജക്ടുകൾ | | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|---|
| | പുതിയവ | സ്പിൽ ഓവർ | ആകെ | പുതിയവ | സ്പിൽ ഓവർ | ആകെ |
| പൊതു വിഭാഗം | 65 | 05 | 70 | 49 | 04 | 53 |
| എസ് സി പി | 05 | 00 | 05 | 04 | 00 | 04 |
| ടി എസ് പി | 05 | 00 | 05 | 04 | 00 | 04 |
| ആകെ | 75 | 05 | 80 | 57 | 04 | 61 |

വിവിധ വിഭാഗങ്ങളിലായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്രോതസ്സ് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസനഫണ്ട് (പൊതു വിഭാഗം) | 36717303 | 30611807 |
| പ്രത്യേക ഘടക പദ്ധതി | 4632887 | 4273373 |
| പട്ടിക വർഗ്ഗ ഉപപദ്ധതി | 7411236 | 7120113 |
| മെയിൻറനൻസ് ഗ്രാൻറ്(റോഡിതരം) | 5837989 | 4168566 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 37010000 | 00 |
| തനത് ഫണ്ട് | 472485 | 00 |
| മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതം | 1196500 | 00 |
| ജില്ലാപഞ്ചായത്ത് വിഹിതം | 16751000 | 00 |
| മറ്റിനം | 10077515 | 00 |
| ആകെ | 155975415 | 46173859 |
| ചെലവു ശതമാനം | | 29.6 |

<u>വാർഷിക പദ്ധതി നിർവഹണം</u>

വാർഷിക പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട പ്രസക്ത വിഷയങ്ങൾ ചുവടെ സമാഹരിക്കുന്നു.

- ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കാൻ ശ്രമം നടന്നിട്ടുണ്ട്.
- ആസൂത്രണം ചെയ്ത ഭൂരിപക്ഷം പ്രോജക്ടുകളും നടപ്പാക്കി.
- വിവിധ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് കണക്കുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ വാർഷികപദ്ധതി ചെലവുകണക്കുകൾ എല്ലാ സ്രോതസ്സുകളും തിരിച്ചുള്ളത് കൃത്യമായി നിർണയിച്ചിട്ടില്ല.
- സ്നേഹധാര, വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസാഹായം തുടങ്ങിയവ എടുത്തു പറയേണ്ട പ്രോജക്ടുകൾ.
- ഘടകസ്ഥാപനങ്ങളുടെ നവീകരണത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ചു.
- ഐ.എ.വൈ ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി ധനസഹായമെത്തിക്കാൻ കഴിഞ്ഞില്ല. സ്വന്തമായി പാർപ്പിടമെന്ന സാധാരണക്കാരന്റെ ആഗ്രഹം വിദൂര സ്വപ്നമായി നിലനിൽക്കുന്നു.
- ഐ.എ.വൈ. അക്കൗണ്ടിൽ വിതരണം ചെയ്യാതെ കോടിക്കണക്കിനു രൂപ ശേഷിക്കുന്നു.
- സൗഹൃദ സായന്തനം പ്രോജക്ട് വിഭാവനം ചെയ്യാതെ കോടിക്കണക്കിനു രൂപ ശേഷിക്കുന്നു.
- വാത്തിക്കുടി സി.എച്ച്.സി.യിൽ ഇൻസിനറേറ്റർ സ്ഥാപിച്ചതിൽ അധികചെലവ്.
- വെർച്വൽ ക്ലാസ് റൂം പഞ്ചായത്തിന് വൻബാധ്യത.
- റോഡ് നിർമ്മാണ പ്രവൃത്തികൾ സോളിംഗിൽ അവസാനിക്കുന്നു.

## 1-7 തനത് വരുമാനം

മുൻവർഷത്തെക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷം തനതു വരുമാനത്തിൽ താഴെപ്പറയും പ്രകാരം 81.89 ശതമാനം വർദ്ധനവ് വന്നിട്ടുണ്ട്.

| ഇനം | മുൻവർഷം₹ | തൻവർഷം₹ | വ്യത്യാസം₹ | ശതമാനം(+/-) |
|---|---|---|---|---|
| നികുതിയിതര വരവുകൾ | 3290747 | 19246 | (−)3271501 | (-)99.41 |
| മറ്റു വരവുകൾ | - | 576681 | 576681 | - |
| ആകെ | 3290747 | 595927 | 2694820 | 81.89 |

## 1-8 ക്ഷേമപദ്ധതികൾ

ബാധകമല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.03.2017 3.30.പി.എം-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ സബ്സിഡിയറി കാഷ്ബുക്കിൽ നീക്കിയിരുപ്പുണ്ടായിരുന്ന ₹86100/-യുടെ ബാലൻസ് കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സ്റ്റോക്ക് രജിസ്റ്ററുകൾ എല്ലാ രേഖപ്പെടുത്തലുകളും നടത്തി പരിപാലിക്കുന്നില്ല. സെക്രട്ടറിമാരുടെ സ്ഥലംമാറ്റ സമയത്ത് സ്റ്റോക്ക് രേഖാമൂലം കൈമാറ്റം ചെയ്യുന്നില്ല. ഇൻകുമ്പൻസി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ജീവനക്കാരുടെ അലംഭാവം മൂലം ₹10 ലക്ഷം കിട്ടിയില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | -- | -- | -- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 19.2.15-26.2.15 | 2009-10<br>2013-14 | 11.5.2015 |

## 1-12 വാർഷികകണക്കുകൾ സംബന്ധിച്ച അപാകതകൾ

വാർഷിക കണക്കുകൾ പ്രകാരമുള്ള ആസ്തികളുടെ തുക ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സമയബന്ധിതമായി അലോട്ട്മെന്റ് കത്ത് ട്രഷറിയിൽ സമർപ്പിച്ചില്ല-പൊതുആവശ്യഗ്രാന്റ് ₹10 ലക്ഷം നഷ്ടപ്പെട്ടു

2015-16 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിന്റെ അനുബന്ധം IV പ്രകാരം ഇടുക്കി ബ്ലോക്ക് പഞ്ചായത്തിന് പൊതു ആവശ്യ ഗ്രാന്റിനത്തിൽ ലഭിക്കേണ്ടത് ₹30,00,000/- ആയിരുന്നു. 12 പ്രതിമാസ ഗഡുക്കളായി ലഭിക്കേണ്ട തുകയുടെ ആദ്യ എട്ട് ഗഡുക്കളുടെ അലോട്ട്മെന്റ് കത്തുകൾ യഥാസമയം ട്രഷറിയിൽ സമർപ്പിക്കുകയും ക്രെഡിറ്റ് ചെയ്ത് ലഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും തുടർന്നുള്ള നാലു ഗഡുക്കളുടേത് സാമ്പത്തിക വർഷത്തിന്റെ അവസാനപ്രവൃത്തി ദിനങ്ങളിൽ ഒരുമിച്ചാണ് ട്രഷറിയിൽ നൽകിയത്. തൻമൂലം, സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസം സമർപ്പിക്കുന്ന അലോട്ട്മെന്റ് കത്തുകൾ പാസ്സാക്കേണ്ടതില്ലായെന്ന ട്രഷറി ഡയറക്ടറുടെ സർക്കുലറിന്റെ വെളിച്ചത്തിൽ, (സർക്കുലർ നം. എസ്.എസ്1/107/15 തീ.31.03.2016) തുക ക്രെഡിറ്റ് ചെയ്യാൻ ട്രഷറി വിസ്സമ്മതിച്ചു. ഫലത്തിൽ 4 ഗഡുക്കളുടെ ആകെത്തുകയായ ₹10,00,000/- (₹2,50,000x4) പഞ്ചായത്തിന് നഷ്ടപ്പെട്ടു. സർക്കാരിൽനിന്ന് അലോട്ട്മെന്റ് യഥാസമയം ലഭിച്ചതാണെന്ന് ചുവടെ ചേർക്കുന്ന സർക്കാർ ഉത്തരവുകളിൽനിന്ന് വ്യക്തമാണ്.

| ക്രമ നം | അലോട്ട്മെന്റ് ഉത്തരവ് നം./തീയതി | തുക ₹ |
|---|---|---|
| 1 | സ.ഉ (സാധാ)332/2016/ ധനം തീയതി 13.01.2016 | 250000 |
| 2 | സ.ഉ 1176/2016/ ധനം തീയതി 04.02.2016 | 250000 |
| 3 | സ.ഉ 1797/2016/ ധനം തീയതി26.02.2016 | 250000 |
| 4 | സ.ഉ 2353/2016/ ധനം തീയതി14.03.2016 | 250000 |
| ആകെ | | 1000000 |

സമയബന്ധിതമായി അലോട്ട്മെന്റ് ലഭിച്ചിട്ടും ബ്ലോക്ക് പഞ്ചായത്തധികൃതർ അവ യഥാസമയം ട്രഷറിയിൽ സമർപ്പിക്കാതിരുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. തുക ക്രെഡിറ്റ് ചെയ്തു ലഭിക്കാൻ ഭരണതലത്തിൽ നടപടികളാരംഭിച്ചുവെങ്കിലും

നാളിതുവരെ അപേക്ഷ പരിഗണിക്കപ്പെട്ടിട്ടില്ല. തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ ഊർജിതപ്പെടുത്തേണ്ടതും ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2 ഓഡിറ്റ് റിക്കവറി തുകകളും തിരികെയടച്ച തുകകളും യഥാവിധി ക്രമീകരിച്ചില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ മുൻ വാർഷിക പദ്ധതികളുടെ ഓഡിറ്റിൽ നിരാകരിച്ച തുകകൾ, വിവിധ ഏജൻസികൾക്ക് കൈമാറിയ തുകകൾ, കൺവീനർമാർ/കരാറുകാരിൽനിന്ന് അധികം കൈപ്പറ്റിയതിൽ തിരികെ ഈടാക്കിയ തുകകൾ തുടങ്ങിയ ഇനങ്ങളിൽ തൻവർഷം ലഭിച്ച തുകകൾ വാഴത്തോപ്പ് സർവീസ് സഹകരണ ബാങ്കിലെ തനതു ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.(അക്കൗണ്ട് നം.6033) വിശദാംംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രസീത് നം/തീയതി | തുക | തിരിടച്ചച്ച വ്യക്തി | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|
| 1 | 22/650/ 22.5.15 | 7319 | ഭൂജലവകുപ്പ് ജില്ലാ ഓഫീസർ , ഇടുക്കി, തൊടുപുഴ | കുഴൽക്കിണർ നിർമിക്കാൻ നിക്ഷേപിച്ചതിൽ ശേഷിച്ച തുക |
| 2 | 51/650/ 6.10.15 | 19711 | മാനേജിംഗ് ഡയറക്ടർ കേരള ഫീഡ്സ് , തൃശ്ശൂർ | കാലിത്തീറ്റ വിതരണപ്രോജക്ടിനുവേണ്ടി കൈമാറിയതിൽ ശേഷിച്ച തുക |
| 3 | 57/650/ 10.12.15 | 2025 | അസി.എക്സി.എൻജിനിയർ, എൽഎസ്ജിഡി സബ്ഡിവിഷൻ ഇടുക്കി | പ്രോജക്ട് നം124/12-ന്റെ ബില്ലിൽനിന്ന് വസൂലാക്കേണ്ടിയിരുന്ന കാലിവീപ്പ വിലയും വാറ്റും (1800വീപ്പവില+225നികുതി) ഓഡിറ്റ് റിക്കവറിയിലൂടെ ഈടാക്കിയത് |
| 4 | 58/650 /10.12.15 | 4163 | അസി.എക്സി.എൻജിനിയർ, എൽഎസ്ജിഡി സബ്ഡിവിഷൻ ഇടുക്കി | പ്രോജക്ട് നം130/12-ന്റെ ബില്ലിൽനിന്ന് വസൂലാക്കേണ്ടിയിരുന്ന കാലിവീപ്പ വിലയും വാറ്റും(3700വീപ്പവില+463നികുതി) |

| | | | | |
|---|---|---|---|---|
| | | | | ഓഡിറ്റ് റിക്കവറിയിലൂടെ ഈടാക്കിയത് |
| 5 | 63/650 /5.1.16 | 2813 | അസി.എക്സി.എൻജിനിയർ, എൽഎസ്ജിഡി സബ്ഡിവിഷൻ ഇടുക്കി | പ്രോജക്റ്റ് നം127/12-ന്റെ ബില്ലിൽനിന്ന് വസൂലാക്കേണ്ടിയിരുന്ന കാലിവീപ്പ വിലയും വാറ്റും (2590വീപ്പവില+223നികുതി) ഓഡിറ്റ് റിക്കവറിയിലൂടെ ഈടാക്കിയത് |
| 6 | 79/650 /15.2.16 | 1688 | അസി.എക്സി.എൻജിനിയർ, എൽഎസ്ജിഡി സബ്ഡിവിഷൻ ഇടുക്കി | പ്രോജക്റ്റ് നം123/12-ന്റെ ബില്ലിൽനിന്ന് വസൂലാക്കേണ്ടിയിരുന്ന കാലിവീപ്പ വിലയും വാറ്റും (1480വീപ്പവില+288നികുതി) ഓഡിറ്റ് റിക്കവറിയിലൂടെ ഈടാക്കിയത് |

വികസനപ്രവർത്തനങ്ങൾക്ക് സർക്കാർ അനുവദിച്ച ഫണ്ട് തനതു ഫണ്ടിന്റെ ഭാഗമാക്കിയ നടപടി ക്രമപ്രകാരമുള്ളതല്ല. സാമ്പത്തികവർഷം അവസാനിച്ചശേഷം തിരിച്ചടയ്ക്കുന്ന വികസനഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് തുകകൾ പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ (ധനകാര്യവകുപ്പിന്റെ 12.04.2006-ലെ ജി.ഒ.(പി) 177/2006 നമ്പർ ഉത്തരവിന്റെ ഖണ്ഡിക10 കാണുക) പ്രസ്തുത തുക "3604-00-911-അധികച്ചെലവ് വസൂലാക്കലുകൾ" എന്ന് കണക്ക ശീർഷകത്തിൽ സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

## 2-3 ടെണ്ടർ ഫാറത്തിന്റെ വില ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല - വരുമാനത്തിൽ നഷ്ടം

ഓഡിറ്റ് വർഷത്തിൽ ടെണ്ടർ പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയാണ് നടപ്പാക്കിയിരിക്കുന്നത്. ഇ-ടെണ്ടർ മുഖേന പ്രവൃത്തികൾ നടപ്പാക്കുമ്പോൾ ടെണ്ടർ ഫാറത്തിന്റെ വില ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പ്രത്യേക അക്കൗണ്ടിലേയ്ക്കാണ് ഓൺലൈൻ സംവിധാനത്തിലൂടെ ഒടുക്കുന്നത്. എന്നാൽ പഞ്ചായത്ത്

രാജ് നിയമപ്രകാരം ടെണ്ടർ ഫാറത്തിന്റെ വില ബ്ലോക്ക് പഞ്ചായത്തിലാണ് ഒടുക്കേണ്ടത്. ആയതിനാൽ ടെണ്ടർ ഫാറത്തിന്റെ വില ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 അക്കൗണ്ടിംഗ് സമ്പ്രദായത്തിലെ അപാകതകൾ

ജി ഒ (എം സ്) 246/2011 തസ്വഭവ തീയതി 13.10.11 പ്രകാരം സാംഖ്യ ഉപയോഗിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എല്ലാ വരവുകൾക്കും കമ്പ്യൂട്ടർ കൈപ്പറ്റ് രസീത് നൽകണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഇടുക്കി ബ്ലോക്ക് പഞ്ചായത്തിൽ സാംഖ്യ അക്കൗണ്ടിംഗ് നിലവിലുണ്ടെങ്കിലും സർക്കാർ നിർദ്ദേശാനുസരണം കൈപ്പറ്റ് രസീതു നൽകുന്നതിനു പകരം മാനുവൽ രസീതുകളാണ് നൽകുന്നത്. തുടർന്ന് ഇ-വരവുകൾ സാംഖ്യയിൽ ഇന്ററപ്റ്റഡ് രസീതുകളായി ചേർക്കുന്നു. എല്ലാ ഇടപാടുകൾക്കും കമ്പ്യൂട്ടർ രസീതുകൾ നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ടെണ്ടർ വ്യതിയാനം കുറവ് ചെയ്യിട്ടില്ല നഷ്ടം ₹30,000/-

| | | |
|---|---|---|
| പ്രോജക്ട് | : | മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കൽ |
| പ്രോജക്ട് നം. | : | എസ്.059/15-16 |
| അടങ്കൽ | : | ₹3,00,000/- |
| ബിൽ നം./തീയതി/തുക | : | 15/15-16, 29.12.2015, ₹3,00,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. വാത്തിക്കുടി |

സി.എച്ച്.സി. വാത്തിക്കുടി, സി.എച്ച്.സി കഞ്ഞിക്കുഴി എന്നീ ആശുപത്രികളിൽ മാലിന്യസംസ്കരണത്തിനായി ഇൻസിനേറ്റർ സ്ഥാപിക്കുന്നതിന് വിഭാവനം ചെയ്ത പ്രസ്തുത പ്രോജക്ട് പ്രകാരം എസ്റ്റിമേറ്റ് നിരക്കിനെക്കാൾ 10% കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത (3,00000 -30,000=2,70000/-) "ഗ്രേസ് സർവ്വീസസ്, തൃപ്പൂണിത്തുറ" എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്ത് നിർമാണച്ചുമതല നൽകി. കരാർ പ്രകാരം എസ്റ്റിമേറ്റ് തുകയുടെ 90% (₹2,70000/-) മാത്രമാണ് സ്ഥാപനത്തിന് അർഹതയുള്ളത് എന്നിരിക്കെ മുഴവൻ തുകയും,

അതായത് 3,00000/-രൂപയും മേൽ സൂചിത ബിൽ പ്രകാരം പിൻവലിച്ച് നൽകി. കരാർ തുകയെക്കാൾ അധികം നൽകിയ ₹30,000/- ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽനിന്നും ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-2 സർക്കാർ ഉത്തരവിന് വിരുദ്ധമായി വ്യക്തിഗത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകി

| | | |
|---|---|---|
| പ്രോജക്ട് | : | എസ് 0 47/2015 |
| പ്രോജക്ട് നം. | : | പട്ടികവർഗ മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് ധനസഹായം |
| അടങ്കൽ തുക | : | ₹7,41,123/- |
| ചെലവ്/ബിൽ നം./തീയതി | : | ₹ 4,50,000/-, 01/15-16, 22.03.16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ട്രൈബൽ എക്സ്റ്റൻഷൻ ഓഫിസർ |

പട്ടികവർഗ്ഗ മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്നതിന് ആവിഷ്കരിച്ച ഈ പ്രോജക്ട് പ്രകാരം സംസ്ഥാനത്തിനകത്ത് പഠിക്കുന്ന 16 വിദ്യാർത്ഥികൾക്ക് ₹25,000/- വീതവും സംസ്ഥാനത്തിന് പുറത്ത് പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് ₹50,000/- ഉൾപ്പടെ ആകെ ₹4,50,000/- മേൽ സൂചിത ബിൽ പ്രകാരം പിൻവലിച്ച് വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.11.2013 ലെ ജി.ഒ(എം.എസ്) 362/13 നം. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പദ്ധതി ആസൂത്രണ-നിർവ്വഹണ മാർഗരേഖയുടെ 7(1) ഖണ്ഡികയിൽ വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പിലാക്കരുതെന്ന് നിർദേശിച്ചിരിക്കെ ഇപ്രകാരം നടപ്പിലാക്കിയത് സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

2.ധനസഹായം അനുവദിക്കപ്പെട്ട പട്ടികവർഗ മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പട്ടികവർഗ വകുപ്പിൽ നിന്നോ ഇതര സ്രോതസുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

3. ധനസഹായം നൽകേണ്ടത് വിദ്യാർത്ഥികൾക്ക് പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള

സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് മേൽ സൂചിത ഉത്തരവിന്റെ 6-8 (2) നമ്പർ ഖണ്ഡികയിൽ നിർദേശിച്ചിരിക്കെ ഇപ്രകാരമുള്ള സർട്ടിഫിക്കറ്റുകൾ താഴെ പറയുന്ന വിദ്യാർത്ഥികളുടെ അപേക്ഷയിൽ സൂക്ഷിച്ചിട്ടില്ല.

| ക്രമ നം | വിദ്യാർത്ഥികളുടെ പേർ | നൽകിയ തുക ₹ |
|---|---|---|
| 1 | അഞ്ജനാ.കെ.ബാബു | 25,000/- |
| 2 | അഞ്ജലി.പി. | 25,000/- |
| 3 | രാഹുൽ സുബ്രമണിയൺ | 25,000/- |
| 4 | ബിൻസി ബാബു | 25,000/- |
| 5 | ആനന്ദ് ഡാനിയേൽ | 25,000/- |

പ്രസ്തുത അപാകതകളുടെ അടിസ്ഥാനത്തിൽ ₹1,25,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 കേരളോത്സവം-പദ്ധതി നടത്തിപ്പിൽ അധിക ച്ചെലവ്

| ബിൽ നം /ചെക്ക് നം തീയതി | തുക₹ |
|---|---|
| ബിൽ നം 0340143തീ 31.03.2016 (വികസന ഫണ്ട്) | 75,000 |
| ചെക്ക് നം 151102 തീ 25.01.2016 (യുവജന ക്ഷേമ ബോർഡ് തുക) | 60,000 |
| ആകെ | 1,35,000 |

തൻവർഷം ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ കേരളോത്സവം നടത്തുന്നതിന് പരമാവധി ₹100000/- പ്ലാൻ ഫണ്ടിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ വിനിയോഗിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.06.2015 സ.ഉ(സാധാ) 1907/2015 പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. പരമാവധി ഒരു ലക്ഷം രൂപാ മാത്രമാണ് സർക്കാർ ചെലവഴിക്കുവാൻ നിശ്ചയിച്ചിരുന്നത്. കേരളോത്സവം പരിപാടിയുടെ വിഹിതമായി യുവജനക്ഷേമ ബോർഡിൽ നിന്നും ₹60,000/- ലഭിച്ചതിനാലും വികസന ഫണ്ടിൽ നിന്നും ₹40,000/- മാത്രമാണ് ചെലവഴിക്കേണ്ടിയിരുന്നത്. വികസന ഫണ്ടിൽ നിന്നും ₹75,000/- ചെലവഴിച്ചതിനാൽ അധികം ചെലവഴിച്ച ₹35,000/- ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-4 റോഡ് നിർമ്മാണം- മെറ്റലിങ്ങിലവസാനിപ്പിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 172-ാം വകുപ്പിനു കീഴിലുള്ള നാലാം പട്ടികയനുസരിച്ച്, രണ്ടു പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാന റോഡുകളുടെ

നിർമാണപ്രവൃത്തികൾ മാത്രമാണ് ബ്ലോക്ക്പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നത്. എന്നാൽ അപ്രകാരമുള്ളതല്ലാത്ത റോഡുകളും 2015-16 വാർഷികപദ്ധതിയിൽ ഏറ്റെടുത്തിട്ടുണ്ട്. ഇപ്രകാരം ആകെ 28 റോഡു നിർമാണപ്ര വൃത്തികളാണ് പദ്ധതിയുടെ ഭാഗമായത്. എന്നാൽ ഏറ്റെടുത്തതിൽ പത്തെണ്ണവും സോളിംഗ് നടത്തിയശേഷം സീസണിങ്ങിന് വേണ്ടി ഒരു വർഷം വരെയുള്ള കാലയളവ് അനുവദനീയമാണെങ്കിലും റോഡ് ഗതാഗതത്തിന് തുറന്ന് കൊടുക്കാതെയാണ് അതുവരെ സൂക്ഷിക്കേണ്ടത്. മെറ്റലിങ്ങിന് ശേഷം ഉടൻതന്നെ ഗതാഗതത്തിന് തുറന്നുകൊടുക്കുന്നത് മൂലം മെറ്റലിങ്ങ് ഇളകിത്തെറിച്ച് യാത്ര കൂടുതൽ ദുഷ്കരമാവുകയും പിന്നീട് ടാറിംഗ് പ്രോജക്ട് ഏറ്റെടുക്കുന്ന സന്ദർഭത്തിൽ അതുവരെ പൂർത്തീകരിച്ച ഇനങ്ങൾ (ഗ്രേഡഡ് മെറ്റൽ ഉപയോഗിച്ചുള്ള മെറ്റലിങ്ങ്) വീണ്ടും ചെയ്യേണ്ട അവസ്ഥയുണ്ടാവുകയും ചെയ്യുന്നു. അതാത് വർഷത്തെ പ്രോജക്ടുകളിൽ സേവിംഗ്സ് ലഭിക്കുന്നതിനും തുടർന്നുള്ള വർഷങ്ങളിൽ ആസ്തിപരിപാലന ഗ്രാന്റ് വിഹിതം വകയിരുത്തുന്നതിനും സ്വീകരിക്കുന്ന ഇത്തരം കുറുക്കു വഴികൾ മൂലം പഞ്ചായത്തിന് ആത്യന്തികമായി വൻ സാമ്പത്തിക നഷ്ടവും (തൻ വർഷം മുതൽ വളരെ ഉയർന്നനിരക്കുള്ള ഡൽഹി ഷെഡ്യൂൾ നിരക്കാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് വേലകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ അവലംബിക്കുന്നത് എന്ന കാര്യം ശ്രദ്ധിക്കുക.) ജനങ്ങൾക്ക് കൊടിയ യാത്രാക്ലേശവും ഉണ്ടാകുന്നുണ്ട് . മെറ്റലിങ്ങ് മാത്രം നടത്തി അവസാനിപ്പിച്ച പ്രോജക്റ്റുകളുടെ വിശദാംശങ്ങൾചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്ട് നം. പേര് | ചെലവഴിച്ച തുക |
|---|---|---|
| 1 | എസ് 014/16ചൂരക്കുഴിപ്പടി പതിനാറാം കണ്ടം റോഡ് | 374327 |
| 2 | എസ് 018/16കുതിരക്കല്ല് യോഹന്നാൻമേട് റോഡ് | 411335 |
| 3 | എസ് 026/16മണിയാറൻകുടി സെലീനാ ചാൾസ് സ്കൂൾറോഡ് | 242700 |
| 4 | എസ്027/16അഗളിയിൽപ്പടി റോഡ് | 240930 |
| 5 | എസ്028/16മുളകുവള്ളി മഠം ഭാഗംറോഡ് | 374206 |
| 6 | എസ്033/16കാൽവരിമൗണ്ട് പോസ്റ്റോഫീസ്പടി ഇല്ലിക്കപ്പടി റോഡ് | 585462 |
| 7 | എസ്034/16പാണ്ടിപ്പാറ എസ്.സി കോളനി ചട്ടിക്കുഴി ഈട്ടിക്കവല റോഡ് | 581399 |

| | | |
|---|---|---|
| 8 | എസ് 035/16പ്രകാശ് ചിറയ്ക്കല്പ്പരയിടം റോഡ് | 374823 |
| 9 | എസ് 036/16ബഥേൽ മിൽമാപടി നാലുങ്ങുണ്‍ റോഡ് | 270030 |
| 10 | എസ്075/16താന്നിക്കണ്ടം കമ്പിളിവേലിപ്പടി റോഡ് | 269869 |

ഇവ പൂർത്തീകരിക്കുന്നതിന് 2016-17-ൽ പ്രോജക്ടുകളൊന്നും ആവിഷ്ക്കരിച്ചിട്ടില്ലായെന്നത് (ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച നടപ്പ് വർഷത്തെ പ്രോജക്ടുകളുടെ പട്ടികയിൽ പ്രസ്തുത പ്രോജക്ടുകൾ ഉൾപ്പെട്ടിട്ടില്ല.) പ്രത്യേകം പ്രസ്താവ്യമാണ്. ആകയാൽ ടാറിംഗ് പ്രവൃത്തി നടത്തേണ്ട വേളയിൽ സോളിംഗ് ഉൾപ്പടെയുള്ള ഇനങ്ങൾ ആവർത്തിക്കേണ്ടി വരുമെന്നത് നിസ്തർക്കമായ കാര്യമാണ്. ഈ പ്രവൃത്തികൾ കൂടി നടപ്പ് സാമ്പത്തികവർഷത്തെ പദ്ധതിയിലുൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭാവിയിൽ ഭീമമായ അധികച്ചെലവിന് വഴിവയ്ക്കുമെന്നതിനാൽ മെറ്റലിങ്ങ് മാത്രമായി നടത്തുന്ന പ്രോജക്റ്റുകൾ ഏറ്റെടുക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-5 <u>വിവിധ ആവശ്യങ്ങൾക്ക് വിട്ടുകിട്ടിയ സ്ഥലങ്ങൾ പഞ്ചായത്തിന്റെ അധീനതയിലായിട്ടില്ല</u>

ബ്ലോക്ക് പഞ്ചായത്തിന് വിവിധ പ്രോജക്ടുകളുടെ നിർവഹണത്തിനായി ലഭിച്ച സ്ഥലങ്ങൾ നിയമപരമായി നാളിതുവരെ കൈവശം ലഭിച്ചിട്ടില്ല. പ്രസ്തുത സ്ഥലങ്ങളുടെ ആധാരം ചമയ്ക്കാനും പേരിൽക്കൂട്ടാനും ഭരണസമിതി സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും (തീരുമാന നം.22/ തീ.15.9.2015) റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സറണ്ടർ ഫോമടക്കം നൽകിയ അപേക്ഷയിൽ നടപടികൾ പൂർത്തീകരിച്ച് കരമടയ്ക്കാൻ നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1. കാൽവരി മൗണ്ടിൽ ടൂറിസം വികസനത്തിന് ലഭിച്ച അഞ്ച് സെന്റ്

2. പാറേമാവിൽ കുട്ടികളുടെ പാർക്ക്, പൈനാവ് വനിതാവികസനകേന്ദ്രം എന്നിവ നിർമിക്കുന്നതിന് ലഭിച്ച ഒരേക്കർ സ്ഥലം.

പ്രസ്തുത സ്ഥലങ്ങൾ പേരിൽക്കൂട്ടുന്നതിനുള്ള ത്വരിത നടപടികൾ ഭരണതലത്തിൽ സ്വീകരിക്കുന്ന തിനായി വിഷയം ഭരണസമിതിയുടെ സജീവശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-6 <u>സഹൃദം സായന്തനം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല</u>

| | |
|---|---|
| നിർവ്വഹണം | സി.ഡി.പി.ഒ |
| പ്രോജക്ട് നം, പേര് | S0046/16, സഹൃദം സായന്തനം |
| അടങ്കൽ | ₹1003940 |
| ചെലവ് | ₹ 934691 |
| ബിൽ നം/തീയതി | 1/20.1.16 ₹ 327020 /-<br>3/15.3.16 ₹ 262140 /-<br>4/23.3.16 ₹ 341900 /-<br>5/30.3.16 ₹ 3631 /- |

2014-15 വർഷം പൈലറ്റ് പ്രൊജക്ട് എന്ന നിലയിൽ വയോജനങ്ങൾക്ക് വേണ്ടി 14 കേന്ദ്രങ്ങളിൽ വിജയകരമായി നടപ്പാക്കിയ പ്രോജക്ടാണിത്. ഓഡിറ്റ് വർഷം 100 കേന്ദ്രങ്ങളിലേക്ക് പദ്ധതി പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചുവെങ്കിലും വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ കൈവരിച്ചില്ല.

ബ്ലോക്ക് പഞ്ചായത്ത് പുറത്തിറക്കിയ "പിന്നിട്ട അഞ്ച് വർഷങ്ങൾ" എന്ന കൈപ്പുസ്തകം, അന്തിമ പദ്ധതിരേഖ എന്നിവയിൽ മുൻവർഷം സഹൃദ സായന്തനം പദ്ധതി വിജയകരമായി നടപ്പാക്കിയതിന്റെ വിശദാംശങ്ങളും 2015-16 വർഷം പ്രോജക്ട് എപ്രകാരമാണ് നടപ്പാക്കേണ്ടതെന്ന കർമ്മപരിപാടിയും വിശദമാക്കുന്നുണ്ട്. വിശദാംശംങ്ങൾ ചുവടെ ചേർക്കുന്നു.

1. പൈലറ്റ് പദ്ധതിയിൽ ആറ് ഗ്രാമപഞ്ചായത്തുകളിലായി 13 അംഗൻവാടികളിലും 1 വയോജന കേന്ദ്രത്തിലുമായി ആകെ 14 കേന്ദ്രങ്ങളിലാണ് നടപ്പാക്കിയത്.
2. എല്ലാ ശനിയാഴ്ച്ചകളിലും 2 pm മുതൽ അതാത് പ്രദേശത്തെ വയോജനങ്ങൾ ഒത്തുചേർന്ന് കഥകൾ, നാടൻപാട്ടുകൾ, തമാശകൾ, പഴഞ്ചൊല്ലുകൾ എന്നിങ്ങനെ വിവിധ കലാപരിപാടികൾ അവതരിപ്പിക്കുക.
3. വയോജനങ്ങൾക്ക് കൗൺസിലിംഗ്, അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക (കുറഞ്ഞത് 3 മെഡിക്കൽ ക്യാംമ്പുകൾ). മരുന്നുകൾ വിതരണം ചെയ്യുക.
4. യോഗാ ക്ലാസുകൾ, ആര്യോഗ്യ ക്ലാസുകൾ എന്നിവ നടത്തുക.
5. വയോജനങ്ങളുടെ മാനസികോല്ലാസത്തിന് ചെസ്, ക്യാരംസ് തുടങ്ങിയ കളിയുപകരണങ്ങൾ വിതരണം ചെയ്യുക.
6. വിവിധ കേന്ദ്രങ്ങൾക്ക് കസേരകൾ വിതരണം ചെയ്യുക.

മുകളിൽ പറഞ്ഞിരിക്കുന്ന വിവിധങ്ങളായ ലക്ഷ്യങ്ങളോടുകൂടിയാണ് പ്രൊജക്ട് ആസൂത്രണം ചെയ്തിട്ടുള്ളതെങ്കിലും തൻവർഷത്തെ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ആദ്യ വർഷം വിഭാവനം ചെയ്ത വിവിധങ്ങളായ ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിച്ച് കേവലം ചായ സൽക്കാരവും ഫോട്ടോ എടുക്കലും മാത്രമായി പ്രൊജക്ട് പരിമിതപ്പെട്ടു. പദ്ധതി ചെലവിന്റെ 80% തുകയും ഇക്കാര്യത്തിലേയ്ക്കാണ് ചെലവഴിച്ചിരിക്കുന്നത്.
2. എതെല്ലാം കേന്ദ്രങ്ങളിലാണ് പ്രൊജക്ട് നടപ്പാക്കിയത്, ആരൊക്കെ പങ്കെടുത്തു തുടങ്ങിയ വിശദാംശംങ്ങൾ ലഭ്യമല്ല.
3. പ്രോജക്ട് നടപ്പാക്കിയത് സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ഭാഗത്തു നിന്നോ, ഗ്രാമപഞ്ചായത്തിൽ നിന്നോ മോണിട്ടറിംഗ് നടത്തിയിട്ടില്ല.
4. മെഡിക്കൽ ക്യാമ്പുകൾ, മരുന്ന വിതരണം, യോഗാ ക്ലാസുകൾ ഉൾപ്പെടെ മറ്റ് യാതൊരുവിധ പ്രവർത്തനവും സംഘടിപ്പിച്ചില്ല.
5. യോഗങ്ങളുടെ മിനിട്ട്സുകളോ മറ്റു വിശദാംശംങ്ങളോ ഇല്ല.

മികച്ച ഉദ്ദേശ്യലക്ഷ്യങ്ങളോടുകൂടി ആരംഭിച്ച പ്രൊജക്ട് പൊതുപണത്തിന്റെ ഫലശൂന്യമായ വിനിയോഗത്തിലാണ് എത്തിച്ചേർന്നത്. വൃദ്ധരുടെ മാനസികോല്ലാസത്തിനും സർവോപരി സമൂഹ നന്മയ്ക്കും ചെലവാക്കേണ്ട പണം കേവലം ചായസൽക്കാരത്തിനും ഫോട്ടോ എടുക്കുന്നതിനും മാത്രം പരിമിതപ്പെട്ടത് നിർഭാഗ്യകരമാണ്. ഭാവിയിൽ ഇത്തരം പ്രൊജക്ട് നടപ്പാക്കുന്ന വേളയിൽ അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നിറവേറ്റുന്നുവെന്ന് ഭരണ സമിതിയും ഉദ്യോഗസ്ഥരും ഉറപ്പാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| മരിയാപുരം ഗ്രാമപഞ്ചായത്ത് | 2015-16 | 1125000 | ഐ.എ.വൈ ഭവനനിർമ്മാണം | | |
| കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | | 4143800 | | | |
| വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് | | 1835000 | | | |
| വാത്തിക്കുടി ഗ്രാമപഞ്ചായത്ത് | | 1818700 | | | |
| അറക്കുളം ഗ്രാമപഞ്ചായത്ത് | | 2075000 | | | |

| | | | | |
|---|---|---|---|---|
| കാമാക്ഷി ഗ്രാമപഞ്ചായത്ത് | 1044592 | | | |
| ആകെ | 12042092 | | 27946235 (മുന്നിരിപ്പ് ഉൾപ്പെടെ) | 13753466 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ബാധകമല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളിന്റെ പേരും ഉദ്യോഗപ്പേരും | രസീത് നം& തീയതി |
|---|---|---|---|---|
| ലഭ്യമല്ല | വ്യക്തമല്ല | 2025 | അസി.എക്സി.എൻജിനിയർ | 57/650/10.12.15 |
| ലഭ്യമല്ല | വ്യക്തമല്ല | 4163 | അസി.എക്സി.എൻജിനിയർ | 58/650/10.12.15 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 28 | 1998-99 | | ജനകീയാസൂത്രണപദ്ധതിയിൽ ഗുണഭോക്തൃവിഹിതം ഇനത്തിലുള്ള ധനാപഹരണം | |
| 1998-99 | - | 2002-03 | 32 | മത്സ്യബൂത്തിന് അനധികൃതമായി തുക നൽകി | |
| 1999-2000 | - | 2002-03 | 30 | കമ്പ്യൂട്ടർ ട്രെയിനിംഗ്-ധനാപഹരണം | |
| 1998-99 | - | 2002-03 | 33 | ബോധവൽക്കരണ വൈദ്യസഹായക്യാമ്പുകൾ നടത്തിയതിലെ ക്രമക്കേടുകൾ | |
| 2004-05 | 6(1) | 2001-02 | 2(2) | ഫോട്ടോകോപ്പിയറിന് അധിക തുക നൽകി | |
| 2009-10 | 2-8 | 2005-06 | 3-10 | നിക്ഷേപ വേലകൾ പൂർത്തിയാക്കിയില്ല വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിന് കെ.എസ്.ഇ.ബിക്ക് ₹602150/- നൽകി | |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹122251503 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹118729633 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം /<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ₹65000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹125000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.1 | | 30000 | ഡോ. രഞ്ജിനി ജോൺസൺ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി വാത്തിക്കുടി |
| 3.3 | | 35000 | ശ്രീ. മുഹമ്മദ് സലീം, സെക്രട്ടറി |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.2 | 125000 | ശ്രീ. എസ് അരുൺകുമാർ, റ്റി.ഇ.ഒ |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

3.2

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. രഞ്ജിനി ജോൺസൺ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി വാത്തിക്കുടി | പാറശ്ശേരിയിൽ വീട് മേലുകാവ്മറ്റം പി.ഒ കോട്ടയം ജില്ല |
| ശ്രീ. പി.എ മുഹമ്മദ് സലീം, സെക്രട്ടറി | സെക്രട്ടറി, കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത് | പുതുപറമ്പിൽ വീട് വെളിച്ചായിനി, പാറത്തോട് പി.ഒ കോട്ടയം ജില്ല |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96 & 1996-97 | എൽ.എഫ്.ഐ.-3/488/99/ 08.01.99/31.05.99 | |
| 1997-98 | എൽ.എഫ്.ഐ.3/489/99/ 27.02.99/31.05.99 | |
| 1998-99 | എൽ.എഫ്.ഐ.3/466/01/ 30.04.02/30.04.12 | |
| 1999-2000 | എൽ.എഫ്.ഐ.3/82/02/253/02/ 11.07.02 | |
| 2000-01 | എൽ.എഫ്.ഐ.3/445/03/ 07.11.03/29.11.2003 | |
| 2001-02 | എൽ.എഫ്.ഐ.4/230/04/ 04.11.04/11.01.05 | |
| 2002-03 | ചെലവ് ഓഡിറ്റ് മാത്രം | |
| 2003-04 | | |
| 2004-05 | | |
| 2005-06 | എൽ.എഫ്.ഐ.4/243/09/ 10.11.09/08.02.10 | |
| 2006-07 | എൽ.എഫ്.ഐ.4/237/10/ 04.01.11/04.06.11 | |
| 2007-08 | എൽ.എഫ്.ഐ.4/236/10/ 04.01.11/07.06.11 | |
| 2008-09 | എൽ.എഫ്.ഐ.4/784/11/ 19.12.11/31.03/12 | |
| 2009-10 | എൽ.എഫ്.ഐ-4/783/11/ 19.12.11/31.03.12. | |
| 2010-11 | എൽ.എഫ്.ഐ.-4/286/13/ 08.04.13/13.11.13 | |
| 2011-12 & 2012-13 | എൽ.എഫ്.ഐ.-4/254/14/06.05.14/10.09.14 | |
| 2013-14 &2014-15 | കെ.എസ്.എ-ഐ.ഡി.കെ-13/1399/2015 /16.12.2015 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ഇടുക്കി

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഐ.ഡി.കെ.13/286/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
Phone No : 04862 227332
E-mail : doidk.ksad@kerala.gov.in
തീയതി: 14.03.2017

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ ഇടുക്കി ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടുക്കി ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക , വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

# AUDIT CERTIFICATE

No.KSA/IDK-13/286/2017

Kerala State Audit Department
District Audit Office,
Idukki, Thodupuzha
Phone No : 04862 227332
E-mail : doidk.ksad@kerala.gov.in
Dated : 14.03.2017

Certified that I have audited the Annual Financial Statement of Idukki Block Panchayath in Idukki District for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and And Auditor General of India for the purpose of audit of accounts of Panchayath Raj Instituitions.

In my opinion, the Financial Statements of Idukki Block Panchayath for the 2015-16, except the observations in my audit report properly presents the picture of income and expenditure.

SENIOR DEPUTY DIRECTOR
IDUKKI